# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3124 07.11.2019 ൽ മറുപടിക്ക്**

**ഹയർ സെക്കൻഡറി മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.കെ.യു.അരുണൻ | | പ്രൊഫ. സി.രവീന്ദ്രനാഥ് ( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കൻഡറി വകുപ്പിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ നിയമനം ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളായാണ് കണക്കാക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്, പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കണ്ടറി വിഭാഗത്തിന് രണ്ടു ജില്ലകൾക്ക് കൂടി ഒരു റീജിയണൽ ഓഫീസ് വീതം ആകെ 7 റീജിയണൽ ഓഫീസും ഒരു ഡയറക്ടറേറ്റും ആണ് നിലവിലുള്ളത്. റീജിയണൽ ഓഫീസുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് സീനിയോറിറ്റി ക്രമപ്രകാരം, പ്രസ്തുത റീജിയണൽ ഓഫീസുകളുടെ പരിധിയിൽ വരുന്ന ജില്ലകളിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സിൽ നിയമിതരായവർക്ക് സ്ഥലം മാറ്റം നൽകി നികത്തുകയാണ് ചെയ്യുന്നത്. ആയതിനാൽ വേക്കൻസികൾ അന്തിമമായി എപ്പോഴും ഹെഡ്ക്വാർട്ടേഴ്സിലാണ് ഉണ്ടാകുന്നത്. ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ടേൺ അനുസരിച്ച് എല്ലാ ജില്ലക്കാർക്കും നിയമനം ലഭിക്കുന്നുമുണ്ട്. |
| (ബി) | ഈ ഒഴിവുകളെ അതാത് ജില്ലാ ഒഴിവുകളായി പരിഗണിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ഹയർ സെക്കണ്ടറി വിഭാഗത്തിന് ജില്ലാതലത്തിൽ ഓഫീസുകളില്ല. |

സെക്ഷൻ ഓഫീസർ